Government of Kerala
1983

Reg. No. KL/TV(N)/1?

KERALA GAZETTE

EXTRAORDINARY

PUBLISHED BY AUTHORITY

Vol. XXVIII] Trivandrum, Thursday, 18th August, 1983 / 27th Sravana 1905 (Saka) [No. 900

കേരളസർക്കാർ

ഗതാഗതവും മത്സ്യബന്ധനവും തുറമുഖവും (ബി) വകുപ്പ്

വിജ്ഞാപനം

നമ്പർ 20054/റ്റി.ബി3/83/റ്റി.എഫ്. ആൻറ് പി.

തിരുവനന്തപുരം, 1983 ആഗസ്റ്റ് 12.

എസ്. ആർ. ഒ. നമ്പർ 1040/83—ഇൻഡ്യൻ ഭരണഘടനയുടെ 258-ാം അനുച്ഛേദം (1)-ാം ഖണ്ഡംമൂലം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് രാഷ്ട്രപതി, 31-5-1963 ലെ 2/4/63 ജുഡീഷ്യൽ II എന്ന നമ്പർ വിജ്ഞാപനംമൂലം, കേരള സംസ്ഥാനത്ത് യൂണിയന്റെ ആവശ്യത്തിനായി ഭൂമി വിലയ്ക്കെടുക്കുന്നത് സംബന്ധിച്ച്, 1961 ലെ കേരള സ്ഥലമെടുപ്പ് ആക്ട് (1962-ലെ 21) പ്രകാരമുള്ള കേന്ദ്രസർക്കാരിന്റെ ചുമതലകൾ, കേരള സർക്കാരിനെ അവരുടെ സമ്മതത്തോടുകൂടി ഭരമേൽപ്പിച്ചിരിക്കുന്നതിനാലും;

താഴെ പട്ടികയിൽ പറഞ്ഞിട്ടുള്ള ഭൂമി ഒരു പൊതുക്കാര്യത്തിന്, അതായത് കഞ്ഞിക്കുഴിയിൽ ഒരു ടെലിഫോൺ എക്സ്ചേഞ്ച് കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടാകാനിടയുണ്ടെന്നോ കേരള സർക്കാരിന് തോന്നുന്നതിനാലും

ഇപ്പോൾ, അതിനാൽ, അതുസംബന്ധിച്ച നോട്ടീസ് ബന്ധപ്പെട്ട എല്ലാപേർക്കും പ്രസ്തുത ആക്ട് 3-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ പ്രകാരം ഇതിനാൽ നൽകുന്നു.

33/3455/33/J.

പ്രസ്തുത ആക്ട് 19-ാം വകുപ്പ് (4)-ാം ഉപവകുപ്പുപ്രകാരം സംഗതിയുടെ അടിയന്തിര സ്വഭാവം പരിഗണിച്ച്, പ്രസ്തുത ആക്ട് 5-ാം വകുപ്പിലെ വ്യവസ്ഥകൾ ഈ സംഗതിക്ക് ബാധകമാകുന്നതല്ലെന്ന് സർക്കാർ നിർദ്ദേശിക്കുകയും ചെയ്യുന്നു.

പട്ടിക

ജില്ല—കോട്ടയം

താലൂക്ക്—കോട്ടയം | വില്ലേജ്—വിജയപുരം

(ഏകദേശ വിസ്തീർണ്ണമാണ് നൽകിയിരിക്കുന്നത്)

സർവ്വേ നമ്പർ—102/3
വിവരണം—പുരയിടം
വിസ്തീർണ്ണം ആർസ്—40.477

ഗവർണ്ണറുടെ ഉത്തരവുപ്രകാരം,
വി. എ. അഗസ്റ്റിൻ,
ഗവൺമെൻറ് അഡീഷണൽ സെക്രട്ടറി.

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിൻെറ ഭാഗമല്ല. എന്നാൽ പൊതു ഉദ്ദേശം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

ഇൻഡ്യൻ പ്രസിഡൻറ് 31-5-1966 ലെ 2/4/63/ജുഡീഷ്യൽ II എന്ന നമ്പർ വിജ്ഞാപനംമൂലം ഈ സംസ്ഥാനത്ത് കേന്ദ്ര സർക്കാരിൻെറ ഉപയോഗത്തിനായി ഭൂമി വിലയ്ക്കെടുക്കുന്നതിനുള്ള അധികാരം കേരള സർക്കാരിനെ അവരുടെ സമ്മതത്തോടുകൂടി ഭരമേൽപ്പിച്ചിട്ടുള്ളതും മുകളിൽ പട്ടികയിൽ പറഞ്ഞിട്ടുള്ള ഭൂമി ഒരു പൊതു ആവശ്യത്തിന്, അതായത് കഞ്ഞിക്കുഴിയിൽ ഒരു ടെലിഫോൺ എക്സ്ചേഞ്ച് കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമാണെന്ന് സംസ്ഥാനസർക്കാരിന് ബോധ്യപ്പെട്ടിട്ടുള്ളതും ആകുന്നു.

മേൽപ്പറഞ്ഞ ആവശ്യത്തിനുവേണ്ടിയുള്ളതാണ് ഈ വിജ്ഞാപനം.

PRINTED AND PUBLISHED BY THE S. G. P. AT THE GOVERNMENT PRESS, TRIVANDRUM, 1983.

Government of Kerala
1983

Reg. No. [illegible]

KERALA GAZETTE

EXTRAORDINARY

PUBLISHED BY AUTHORITY

Vol. XXVIII] Trivandrum, Thursday, 18th August 1983 / 27th Sravana 1905 (Saka) [No. 901

കേരള സർക്കാർ

ഗതാഗതവും, മൽസ്യബന്ധനവും തുറമുഖവും (ബി) വകുപ്പ്

വിജ്ഞാപനം

നമ്പർ 18130/റി.ബി.3/83/റി.എഫ്.ആൻറ്പി.

തിരുവനന്തപുരം, 1983 ആഗസ്റ്റ് 6.

എസ്. ആർ. ഒ. 1041/83.—ഇൻഡ്യൻ ഭരണഘടനയുടെ 258-ാം അനുച്ഛേദം (1)-ാം ഖണ്ഡംമൂലം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് രാഷ്ട്രപതി, 1963 മേയ് 31-ാം തീയതിയിലെ 2/4/63 ജുഡീഷ്യൽ II എന്ന നമ്പർ വിജ്ഞാപനംമൂലം കേരള സംസ്ഥാനത്ത് യൂണിയന്റെ ആവശ്യത്തിനായി ഭൂമി വിലയ്ക്കെടുക്കുന്നത് സംബന്ധിച്ച്, 1961-ലെ കേരള സ്ഥലമെടുപ്പ് ആക്ട് (1962-ലെ 21) പ്രകാരമുള്ള കേന്ദ്രസർക്കാരിന്റെ ചുമതലകൾ കേരളസർക്കാരിനെ, അവരുടെ സമ്മതത്തോടുകൂടി ഭരമേൽപ്പിച്ചിരിക്കുന്നതിനാലും ;

താഴെ പട്ടികയിൽ വിവരിച്ചിട്ടുള്ള ഭൂമി ഒരു പൊതുക്കാര്യത്തിന്, അതായത്, ആലംകോട് പോസ്റ്റാഫീസിനുവേണ്ടി കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടാകാനിടയുണ്ടെന്നോ കേരള സർക്കാരിനു തോന്നുന്നതിനാലും ;

ഇപ്പോൾ, അതിനാൽ, അതുസംബന്ധിച്ച നോട്ടീസ്, ബന്ധപ്പെട്ട എല്ലാ പേർക്കും പ്രസ്തുത ആക്ട് 3-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകളനുസരിച്ച് ഇതിനാൽ നൽകുന്നു.

33/3456/T

പട്ടിക

ജില്ല—തിരുവനന്തപുരം

താലൂക്ക്—ചിറയിൻകീഴ് അംശവും ദേശവും—ആലംകോട്

(ഏകദേശവിസ്തീർണ്ണമാണ് കൊടുത്തിരിക്കുന്നത്)

സർവ്വെ നമ്പർ—468/ഭാഗം വിവരണം—പുരയിടം

വിസ്തീർണ്ണം—7.08

ഗവർണ്ണരുടെ ഉത്തരവുപ്രകാരം,

വി. എ. അഗസ്ററിൻ

ഗവൺമെൻറ് അഡീഷണൽ സെക്രട്ടറി.

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിൻെറ ഭാഗമല്ല. എന്നാൽ പൊതു ഉദ്ദേശം വെളി പ്പെടുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

ഇൻഡ്യൻ പ്രസിഡൻറ് 31-5-1963-ലെ 2-4-63 ജുഡീഷ്യൽ II എന്ന നമ്പർ വിജ്ഞാപനംമൂലം ഈ സംസ്ഥാനത്ത് കേന്ദ്ര സർക്കാരിൻെറ ഉപയോഗത്തിനായി ഭൂമി വിലയ്ക്കെടുക്കുന്നതിനുള്ള അധികാരം കേരള സർക്കാരിനെ അവരുടെ സമ്മതത്തോടുകൂടി ഭരമേൽപ്പിച്ചിട്ടുള്ളതും മുകളിൽ പട്ടികയിൽ പറഞ്ഞിട്ടുള്ള ഭൂമി ഒരു പൊതു ആവശ്യത്തിന് അതായത് ആലംകോട് പോസ്ററാഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമാണെന്ന് കേരള സർക്കാരിന് ബോദ്ധ്യം വന്നിട്ടുള്ളതും ആകുന്നു.

മേൽ പറഞ്ഞ ആവശ്യത്തിനുവേണ്ടിയുള്ളതാണ് ഈ വിജ്ഞാപനം.

PRINTED AND PUBLISHED BY THE S. G. P. AT THE GOVERNMENT PRESS, TRIVANDRUM, 1963.